# സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം

## GOVERNMENT HIGHER SECONDARY SCHOOL

## THOTTAKKADU

## ACADEMIC MASTER PLAN 2025 – 2026

# ഗവ: എച്ച് എസ് എസ് തോട്ടയ്ക്കാട്

**SCHOOL CODE – 33077**

**UDISE CODE – 32100100805**

**MAIL ID – ghssthottakad@gmail.com**

- 5 - 10 വരെ ആകെ കുട്ടികൾ - 93

  പെൺകുട്ടികൾ - 37

  ആൺകുട്ടികൾ - 56
- ജീവനക്കാർ (HM, അധ്യാപകർ, അനധ്യാപകർ) - 1 + 8 + 4 = 13
- കൗൺസിലർ - 1
- PET ക്ലബ്ബിങ് - 1 (2 days per week)
- Work Experience Teacher - 1 (1 day per week)

സമഗ്ര ഗുണമോ വിദ്യാഭ്യാസ പദ്ധതിയുടെ ഏറ്റവും പ്രധാന ലക്ഷ്യമായ എല്ലാവർക്കും ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി ഈ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുകൊണ്ടുള്ള ഒരു അക്കാദമിക മാസ്റ്റർ പ്ലാനാണിത്. ഈ വിദ്യാലയത്തിലെ എല്ലാ കുട്ടികളുടെയും പഠന പാഠ്യേതര മികവും വർധിപ്പിക്കുവാനുതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് ഈ വർഷം ആസൂത്രണം ചെയ്തിരിക്കുന്നത്.

## 1. കാഴ്ചപ്പാടും പ്രവർത്തന ദിശയും

- വർഷങ്ങളായി SSLC ക്ക് 100% വിജയം നേടി വരുന്ന ഈ സ്കൂൾ തുടർവർഷങ്ങളിലും അതെ രീതിയിൽ മുന്നോട്ടുപോകുവാനുള്ള ശ്രമങ്ങൾ നടത്തും.
- A+ കളുടെ എണ്ണം കൂട്ടുകയും A+ ലഭിക്കാത്ത കുട്ടികളുടെ ഗ്രേഡ് നിലവാരം ഉയർത്തുകയും ചെയ്യാനായി എല്ലാ വിഷയങ്ങൾക്കും പ്രത്യേകമായ പരിശീലനം നടത്തും.
- പാഠ്യേതര പ്രവർത്തങ്ങളിൽ കുട്ടികൾക്ക് ആവശ്യമായ പരിശീലനം നൽകും.
- നാസ്, സീസ്, NMMS, USS പരീക്ഷകൾക്ക് പ്രത്യേക പരിശീലനം നൽകും.
- ശ്രദ്ധ പദ്ധതി കൂടുതൽ ഫലപ്രദമാക്കും.
- ലഹരിമുക്ത ക്യാമ്പസ്, ഹരിത വിദ്യാലയം പദ്ധതികൾ കാര്യക്ഷമമാക്കും.

## 2. അവസ്ഥാ വിശകശലനവും മുൻഗണനയും

- 5 മുതൽ 10 വരെ ക്യാമ്പസുകളിൽ വിവിധ തലത്തിലുള്ള കുട്ടികൾ പഠിച്ചുവരുന്നു.
- പത്താം ക്ലാസ്സിൽ 43 കുട്ടികൾ എഴുതിയ 2024 - 25 ബാച്ചിൽ 4 ഫുൾ A+ നേടി ഉന്നത ഗ്രേഡുകൾ നേടി കുട്ടികൾ വിജയിച്ചത് സ്കൂളിന് അഭിമാനമാണ്. USS പരീക്ഷയിൽ 2 കുട്ടികൾ സ്കോളർഷിപ്പിനർഹരായി. ഒരു കുട്ടി Gifted Child ഉം ആയി.
- സ്പോർട്സ് ഇനങ്ങളിലും കരുത്ത് കാണിച്ച 4 കുട്ടികൾ ഹോക്കിയിൽ സംസ്ഥാന തലം വരെ മത്സരിച്ചു.
- സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ സ്കൂൾ നേരിടുന്ന വെല്ലുവിളിയാണ്.
- ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി അക്കാദമിക സാമൂഹിക നിലവാരം ഉയർത്താൻ സാമൂഹിക പങ്കാളിത്തത്തോടെ (PTA, SMC, പൂർവ വിദ്യാർഥികൾ, അഭ്യുദയകാംക്ഷികൾ) മുന്നേറും.

## 3. ലക്ഷ്യങ്ങൾ

- പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ ഹ്രസ്വകാലത്തേക്കും ദീർഘകാലത്തേക്കുമായി തരം തിരിച്ച് നടപ്പാക്കും.
- ജില്ലാ പഞ്ചായത്ത്, ജന പ്രതിനിധികൾ മറ്റു സംഘടനകൾ ഇവരുടെ സഹായത്തോടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുമുള്ള പ്രവർത്തനങ്ങൾ നടത്തും.

4. **<u>പ്രവർത്തന പദ്ധതി</u>**

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ പൊതുവി-ജ്ഞാനം വർധിപ്പിക്കൽ | കുട്ടികളെ മത്സരപരീക്ഷകളെ നേരിടാൻ പ്രാപ്തരാക്കുക | ജൂൺ - ഫെബ്രുവരി | അധ്യാപകർ | |
| വിവിധ സ്പോർട്സ് / ഗെയിംസ് പരിശീലനം | കുട്ടികൾക്ക് താല്പര്യമുള്ള സ്പോർട്സ് / ഗെയിംസ് ഇനത്തിൽ പരിശീലനം നടത്തി മത്സരങ്ങളിൽ പങ്കെടുപ്പിക്കുക | ജൂൺ - ഡിസംബർ | PET അധ്യാപകൻ, സ്റ്റാഫ് | |
| ആർട്സ്, വർക്ക് - എക്സ്പീരിയൻസ് പരിശീലനം | താല്പര്യമുള്ള കുട്ടികളെ മത്സരത്തിന് പ്രാപ്തരാക്കുക | ജൂൺ - ജനുവരി | സ്റ്റാഫ് | |

**<u>ഉപസംഹാരം</u>**

കാര്യക്ഷമമായ ഒരു അക്കാദമിക വർഷം മുന്നിൽകണ്ട് കൊണ്ട് നിർമ്മിച്ച ഒരു അക്കാദമിക മാസ്റ്റർപ്ലാൻ കൃത്യതയോടെയും സമയബന്ധിതമായും നടപ്പാക്കാൻ പിടിഎ, വിദ്യാഭ്യാസ വകുപ്പ്, മറ്റ് വിവിധ വകുപ്പുകൾ, SMC, SPG തുടങ്ങിയവരുടെ സഹായ സഹകരണത്തോടെ സാധിക്കുമെന്ന ശുഭാപ്തി വിശ്വാസത്തോടെ...